പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4720

05-02-2014 ൽ മറുപടിയ്ക്ക്

മീഡിയാ സിറ്റി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) മീഡിയാ സിറ്റി ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ | ഉണ്ട്. 2012-13 ലെ ബജറ്റ് പ്രസംഗത്തിൽ ദുബായ് മീഡിയാ സിറ്റിയുടെ മാതൃകയിൽ സംസ്ഥാനത്ത് ഒരു മീഡിയാ സിറ്റി സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആയതിന് ഭരണാനുമതി നൽകുകയും നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച് രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധ സമിതിയെ രൂപീകരിച്ചും ഉത്തരവായിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | സംസ്ഥാനത്തെ ദൃശ്യമാധ്യമങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരികയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇതിൽ വിവിധ സ്റ്റുഡിയോകൾ, ഷൂട്ടിംഗിനായി ഫ്ളോറുകൾ ടെലിപോർട്ട് മീഡിയാ പഠന സ്ഥാപനങ്ങൾ തുടങ്ങി മീഡിയായുമായി ബന്ധപ്പെട്ട എല്ലാ മേഖലകളെയും ഒന്നിപ്പിക്കുക എന്നുള്ളതും ഇതിന്റെ ലക്ഷ്യമാണ്. |
| സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദമാക്കുമോ; | സർക്കാർ സംരംഭമാണ്. ഇതര പങ്കാളിത്തം ഇപ്പോൾ ആലോചനയിൽ വന്നിട്ടില്ല. |
| ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ എന്തെല്ലാം ? | മീഡിയ സിറ്റിക്ക് സ്ഥലം കണ്ടെത്താൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് ഒരു കൺസെപ്റ്റ് നോട്ട് തയ്യാറാക്കാൻ ഡയറക്ടറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കൺസെപ്റ്റ് നോട്ടിന്റെ അടിസ്ഥാനത്തിൽ മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ